## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1376** **04-07-2022 - ൽ മറുപടിയ്ക്ക്**

## തിരൂരങ്ങാടി മണ്ഡലത്തിലെ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത എം.ജി.എൽ.സി അടച്ചു പൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. സ്കൂളുകളെ സംബന്ധിച്ചിടത്തോളം ക്ലാസ്സ് മുറികൾ സ്മാർട്ടായി, സ്കൂളുകൾ ഹൈടെക്ക് ആയി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ സൗകര്യങ്ങൾ പരിമിതമായ എം.ജി.എൽ.സികളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ അവകാശം നിഷേധിക്കലാണ്. എം.ജി.എൽ.സിയിലെ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുമായി താരതമ്യപ്പെടുത്തുമ്പോൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പരിമിതികൾ കാണുന്നു. പ്രസ്തുത എം.ജി.എൽ.സിയ്ക്ക് 4 കി.മീ ദൂരത്തായി ജി.എം.യു.പി.എസ്. കൊടിഞ്ഞി സ്ഥിതി ചെയ്യുന്നു. പ്രസ്തുത സ്കൂളുകളിലേയ്ക്ക് കുട്ടികളെ എത്തിയ്ക്കുന്നതിനുള്ള വാഹന സൗകര്യം സമഗ്ര ശിക്ഷ കേരള ഒരുക്കിയിട്ടുണ്ട്. എന്നാൽ ബഹു.കേരള ഹൈക്കോടതിയുടെ 03.06.2022ലെ ഉത്തരവ് പ്രകാരം ഈ എം.ജി.എൽ.സി താല്ക്കാലികമായി നിലനിർത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിൽ പ്രീ-പ്രൈമറി, പ്രൈമറി ക്ലാസ്സുകളിലായി ആകെ എത്ര കുട്ടികളുണ്ട്; ക്ലാസ്സുകൾ തിരിച്ചുള്ള കണക്ക് വിശദമാക്കാമോ; | (ബി) | ആകെ 63 കുട്ടികൾ<br>I സ്റ്റാൻഡേർഡ്- 16<br>II സ്റ്റാൻഡേർഡ്-10<br>III സ്റ്റാൻഡേർഡ്-24<br>IV സ്റ്റാൻഡേർഡ്-13 |
| (സി) | ഈ സ്കൂളിൽ നിന്നും തൊട്ടടുത്ത എൽ.പി. സ്കൂളിലേക്ക് എത്ര ദൂരമാണുള്ളത്; കാളംതിരുത്തി എം.ജി.എൽ.സി. സ്കൂളിന്റെ പ്രദേശം ഒറ്റപ്പെട്ട ദ്വീപ് | (സി) | ഈ സ്കൂളിൽ നിന്ന് തൊട്ടടുത്ത ജി.എം.യു.പി.എസ്-കൊടിഞ്ഞിയിലേയ്ക്ക് 4 കി.മി ദൂരമുണ്ട്. ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത് വയലുകളാൽ ചുറ്റപ്പെട്ട ദ്വീപ് പോലുള്ള പ്രദേശമാണ്. ഈ പ്രദേശത്തേയ്ക്ക് ബസ് |

| | | | |
|---|---|---|---|
| | ആണോ; ഈ പ്രദേശത്തേക്ക് പൊതു ഗതാഗത സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ; | | സൗകര്യം ഇല്ല. എന്നാൽ ടാക്സി പോലെയുള്ള മറ്റ് സൗകര്യങ്ങൾ ലഭ്യമാണ്. |
| (ഡി) | സ്കൂളിന് സ്വന്തമായി കെട്ടിടവും ഭൂമിയുമുള്ളതും സ്ഥിതി ചെയ്യുന്നത് ഒറ്റപ്പെട്ട ദ്വീപിലാണ് എന്നതും ഇവിടെ നിന്നും അടുത്ത എൽ.പി. സ്കൂളിലേക്ക് എട്ട് കിലോമീറ്ററോളം ദൂരമുണ്ടെന്നതും സ്കൂളിൽ മൊത്തം നൂറ്റിപതിമൂന്ന് കുട്ടികൾ പഠനം നടത്തുന്നതും പരിഗണിച്ച് കാലംതിരുത്തി എം.ജി.എൽ.സി. സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള പുതുക്കിയ ഉത്തരവ് ലഭ്യമാക്കുമോ; വിശദമാക്കാമോ? | (ഡി) | കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയമാകയാൽ ഇപ്പോൾ തീരുമാനം കൈക്കൊള്ളാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ